**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5304** **02-11-2021 - ൽ മറുപടിയ്ക്ക്**

**ഗ്രാസ് റൂട്ട് ലെവൽ ട്രെയിനിംഗ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. വി. ആർ. സുനിൽകുമാർ | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | വിവിധ കായിക ഇനങ്ങളിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം നൽകുന്നതിനായി പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് കായികതാരങ്ങളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ വിവിധ കായിക ഇനങ്ങളിൽ തൽപരരായ കുട്ടികളെ ചെറുപ്രായത്തിൽ കണ്ടെത്തി ഓരോ കായിക ഇനത്തിലും അടിസ്ഥാനപരിശീലനം ലഭ്യമാക്കുന്നതിനായി വിവിധ ഗ്രാസ് റൂട്ട് പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. കിക്കോഫ് ഫുട്ബോൾ ലോകറാങ്കിങ്ങിൽ ഇന്ത്യയുടെ നിലവാരം ഉയർത്താൻ സഹായകമാകുന്ന രീതിയിൽ കേരളത്തിലെ നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. ഹൂപ്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് ലോകനിലവാരത്തിലുള്ള ബാസ്കറ്റ് ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പ് സാമ്പത്തിക വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്. സ്പ്രിന്റ്- ഗ്രാസ്റൂട്ട് അത്ലറ്റിക് ട്രെയിനിംഗ് പ്രോഗ്രാം ലോക നിലവാരത്തിലുള്ള |

അത്ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര തലത്തിലെ കേരളത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിന്റ്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, കോട്ടയം, പാലക്കാട് , പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളാണ് ആദ്യ ഘട്ടമായി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്. പഞ്ച് സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥിനികൾക്ക് ബോക്സിംഗിൽ അടിസ്ഥാന പരിശീലനം ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് പഞ്ച്. 8 മുതൽ 11 വയസ് വരെ പ്രായമുള്ള പെൺകുട്ടികളിൽ നിന്നും ബോക്സിംഗിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി മികച്ച പരിശീലനം ലഭ്യമാക്കുകയാണ് പദ്ധതി മുഖേന ലക്ഷ്യമിടുന്നത്. സ്പ്ലാഷ് ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്ലാഷ് സ്പ്ലാഷ് പദ്ധതി. തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ 2019-20 സാമ്പത്തിക വർഷത്തിൽ കണ്ണൂർ സ്പോർട്സ് ഡിവിഷന്റെ മാതൃകയിൽ ഗവ.ഹയർ സെക്കന്ററി സ്കൂൾ കുന്നംകുളത്ത് തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ജൂഡോക്ക സംസ്ഥാനത്ത് ജൂഡോയുടെ ഉന്നമനത്തിന് മെച്ചപ്പെട്ട അടിത്തറയിടുന്നതിന് സ്കൂൾ വിദ്യാർത്ഥികൾക്ക് പരിശീലനം നടത്തുന്നതിനായുള്ള പദ്ധതിയാണിത്. ഓപ്പറേഷൻ ഒളിമ്പ്യ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". നിലവിൽ അത്ലറ്റിക്, ബോക്സിംഗ്, ബാഡ്മിന്റൺ, ഫെൻസിംഗ്, റോവിംഗ് എന്നീ ഇനങ്ങളിലാണ് പരിശീലന പദ്ധതി തുടരുന്നത്. എലൈറ്റ് സ്കീം മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള

| | | | |
|---|---|---|---|
| | | | സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | സംസ്ഥാനത്തെ സ്പോർട്സ് സ്കൂളുകൾ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ വളർന്നു വരുന്ന കായിക താരങ്ങളെ കണ്ടെത്തി വാർത്തെടുക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്ന കണ്ണൂർ, തൃശ്ശൂർ സ്പോർട്സ് ഡിവിഷനുകൾ, ജി.വി. രാജ സ്പോർട്സ് സ്കൂൾ മൈലം എന്നിവിടങ്ങളിലെ ആസ്തി വികസന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നിരവധി പ്രവൃത്തികൾ ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു. ജി.വി. രാജ സ്പോർട്സ് സ്കൂൾ ജി.വി. രാജ സ്പോർട്സ് സ്കൂളിൽ ഇതിനോടകം തന്നെ ആധുനിക നിലവാരത്തിലുള്ള 400 മീ 6 ലെയ്ൻ സിന്തറ്റിക് ട്രാക്ക്, ഫുട്ബോൾ ടർഫ്, ഹോക്കി ടർഫ്, ഇൻഡോർ സ്റ്റേഡിയം, ബാസ്കറ്റ് ബോൾ കോർട്ട് (2എണ്ണം) എന്നിവ സജ്ജമാക്കിയിട്ടുണ്ട് കൂടാതെ സ്മാർട്ട് ക്ലാസ്സ് റൂം, ലാബുകൾ, സിക്ക് റൂം എന്നിവയും കുട്ടികൾക്കായി ഒരുക്കിയിട്ടുണ്ട്. സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററിന്റെ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ സ്പോർട്സ് ഡിവിഷൻ /സ്കൂൾ കണ്ണൂർ ജി.വി.എച്ച്.എസ്.എസിനെ സർക്കാർ സ്പോർട്സ് സ്കൂളായി പ്രഖ്യാപിച്ചിട്ടുണ്ട്. മൈലം ജി.വി. രാജ സ്കൂളിന് സമാനമായ സൗകര്യങ്ങൾ ഇവിടെ സജ്ജമാക്കുന്നതിനാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്. തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ /സ്കൂൾ 2019 - 20 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതി വിഹിതത്തിൽ തൃശ്ശൂർ ജില്ലയിലെ കുന്നംകുളം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ ഒരു സ്പോർട്സ് ഡിവിഷൻ അംഗീകാരം നൽകിയിട്ടുണ്ട്. സ്വാഭാവിക പുൽത്തകിടിയോടു കൂടിയ 11' ഫുട്ബോൾ ഗ്രൗണ്ട്, ഇൻഡോർ സ്റ്റേഡിയം, ഗ്യാലറി എന്നിവ നിലവിൽ സ്കൂൾ ഗ്രൗണ്ടിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഖേലോ ഇന്ത്യ പദ്ധതി പ്രകാരം 400 മീ അത്ലറ്റിക് ട്രാക്ക് പണികൾ നടന്ന് വരികയാണ്. കൂടാതെ സ്കൂൾ കോമ്പൗണ്ടിൽ റീജണൽ സ്പോർട്സ് മെഡിസിൻ സെന്റർ നിർമ്മിക്കുന്ന പ്രവൃത്തി പൂർത്തീകരണാവസ്ഥയിലാണ്. |
| (സി) | സംസ്ഥാന സ്പോർട്സ് കൗൺസിലിന് കീഴിലുള്ള സ്പോർട്സ് ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ ജില്ലകളിലായി ജില്ലാ സ്പോർട്സ് അക്കാഡമികൾ, സ്കൂൾ/കോളേജ് സ്പോർട്സ് അക്കാഡമികൾ എന്നിവ പ്രവർത്തിച്ച് വരുന്നുണ്ട്. ഇതിൽ സ്കൂൾ/കോളേജ് സ്പോർട്സ് അക്കാഡമികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നത് |

| | | | |
|---|---|---|---|
| | | | അതാത് സ്ഥാപനങ്ങൾ തന്നെയാണ്. എന്നാൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിച്ച് വരുന്ന ജില്ലാ സ്പോർട്സ് ഹോസ്റ്റലുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്പോർട്സ് ഹോസ്റ്റൽ സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി എല്ലാ സ്പോർട്സ് അക്കാഡമികളിലും കൃത്യമായ ഇൻസ്പെക്ഷൻ നടത്താറുണ്ട്. ആയത് പ്രകാരം സ്കൂൾ/ കോളേജ് സ്പോർട്സ് അക്കാഡമികളിലും ജില്ലാ സ്പോർട്സ് അക്കാഡമികളിലും കണ്ടെത്തുന്ന അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ ജില്ലാ സ്പോർട്സ് അക്കാഡമികളിൽ വേണ്ടി വരുന്ന അത്യാവശ്യം സിവിൽ വർക്കുകളുടെയും പർച്ചേസുകളുടെയും ചെലവ് വഹിക്കുന്നതിന് എല്ലാ ജില്ലാ സ്പോർട്സ് കൗൺസിലുകൾക്കും ഫണ്ട് അനുവദിക്കുകയും പ്രസ്തുത തുക ചെലവഴിച്ച ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് റീക്കൂപ്പ് ചെയ്ത് നൽകുകയും ചെയ്യുന്നു. |
| (ഡി) | പരിശീലനവും മറ്റും മൂലം ക്ലാസുകൾ നഷ്ടമാകുന്ന കായിക വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ലഭ്യമാക്കുന്നതിനുവേണ്ടി നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ? | (ഡി) | പരിശീലനവും മറ്റും മൂലം ക്ലാസ്സുകൾ നഷ്ടമാകുന്ന കായിക വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ലഭ്യമാക്കുന്നതിനായി ഓൺലൈനിലൂടെയും ഓഫ് ലൈനിലൂടെയും അദ്ധ്യാപകർ പരിശീലനം നൽകി വരുന്നു. ബി.എഡ് യോഗ്യതയുള്ള വാർഡൻ കം ട്യൂട്ടർമാരെയും ദിവസവേതന അടിസ്ഥാനത്തിൽ ജി.വി.രാജാ സ്പോർട്സ് സ്കൂളിലും കണ്ണൂർ സ്പോർട്സ് സ്കൂളിലും നിയമിച്ചിട്ടുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള സ്പോർട്സ് സ്കൂളുകളിലേയും കോളേജിലേയും കായിക വിദ്യാർത്ഥികൾക്ക് ആവശ്യമെങ്കിൽ അവർ പഠിക്കുന്ന സ്കൂളിലോ കോളേജിലോ സ്പെഷ്യൽ ക്ലാസ്സുകൾ നൽകുകയും ചാമ്പ്യൻഷിപ്പിന് പോകുന്ന അവസരങ്ങളിൽ ഇവർക്ക് ഹാജർ അനുവദിക്കുകയും മത്സരങ്ങളിൽ പങ്കെടുത്ത് വിജയിക്കുന്ന കായികയിനങ്ങളുടെ സർട്ടിഫിക്കറ്റ് പരിശോധിച്ച് അർഹമായ ഗ്രേസ് മാർക്ക് നൽകുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ